Malappuram District Police

## 22.09.2017 പെരിന്തൽമണ്ണ

2.46 കോടി രൂപയുടെ മൂല്യമുള്ള ആയിരത്തിന്റെ നോട്ടുകളുമായി അഭിഭാഷകനുൾപ്പെടെ ആറംഗസംഘത്തെ പെരിന്തൽമണ്ണ പോലീസ് അറസ്റ്റ് ചെയ്തു. ഇവരിൽ നിന്ന് എയർ പിസ്റ്റളും കണ്ടെടുത്തു. തിരുവനന്തപുരം ബാലരാമപുരം അലീഫ് മൻസിലിൽ മുഹമ്മദ് അനസ്(39), അഭിഭാഷകനായ വള്ളക്കടവ് ശ്രീവിലാസ് വീട്ടിൽ കണ്ണൻ കൃഷ്ണകുമാർ(33), ബീമാപള്ളി മുഹമ്മദ് ഷാ(36), പൂങ്കോട് മരുതറവിളാകം അച്ചു(26), ബീമാപള്ളി അൻസാറുദ്ദീൻ(39), മലപ്പുറം അരീക്കോട് വിളയിൽ തെക്കേയിൽ അബ്ദുൾ നാസർ(29) എന്നിവരെയാണ് പ്രത്യേക അന്വേഷണസംഘം അറസ്റ്റുചെയ്തത്. രണ്ട് കാറുകളിലായി ഒളിപ്പിച്ച നിലയിലാണ് നോട്ടുകൾ കണ്ടെത്തിയത്.